ഉത്തരം

(എ) കോന്നി മണ്ഡലത്തിലെ കോന്നി ബ്ലോക്കിൽനിന്നും പുതുശ്ശേരിപ്പടി-പത്തരപ്പടി,അതുംബകുളം-ആണ്ടിക്കുഴി, തെക്കോടു കാലപ്പടി അമ്മക്കാവ് റോഡുകളുടെയും അച്ചൻ കോവിലാറ്റിന് കുറുകെയുള്ള അമ്മതിലിൽ ബ്രിഡ്ജിന്റേയും പ്രൊപ്പോസലുകളും പറക്കോട് ബ്ലോക്കിൽനിന്നും കല്ലുകുഴി റോഡ്, തെങ്ങമം-മൂന്നാറ്റുംകര റോഡ്, ഇടത്തിട്ട-ഇടവാമൂട് റോഡ്, കുത്തുകല്ലുംപടി-പാഴൂർ റോഡ്, ചിരണിക്കൽ ചേന്നാൻകര റോഡ് എന്നീ പ്രൊപ്പോസലുകളുമാണ് നബാർഡിന്റെ സാമ്പത്തികസഹായത്തോടെ നടപ്പിലാക്കാൻ വേണ്ടി ലഭ്യമാക്കിയിട്ടുള്ളത്. ഇവയെല്ലാംതന്നെ നബാർഡിന്റെ പരിഗണനയ്ക്കായി അയച്ചിട്ടുള്ളതാണ്.

(ബി) കോന്നി ബ്ലോക്കിലെ അതുംബകുളം-ആണ്ടിക്കുഴി റോഡിനും അച്ചൻകോവിലാറിന് കുറുകെയുള്ള അസ്മസിബിൾ ബ്രിഡ്ജിനും പറക്കോട് ബ്ലോക്കിലെ ഇടത്തിട്ട ഇടവാമൂട്, കുത്തുകല്ലുംപടി പൂഴൂർ, ചിരണിക്കൽ-ചേന്നാക്കര റോഡുകളുടേയും അംഗീകാരങ്ങൾ നബാർഡിൽ നിന്നും ലഭിയ്ക്കാനുണ്ട്. പ്രോജക്ട് പ്രൊപ്പോസലുകൾ ഫീസിബിലിറ്റി പരിശോധന നടത്തി അംഗീകാരം നൽകുന്നത് നബാർഡിൽ നിന്നുമാണ്.

(സി) വികസന ബ്ലോക്കുകൾവഴി അല്ലാതെ പൊതുമരാമത്ത്, ജലസേചനം, കൃഷി എന്നീ വകുപ്പുകൾ വഴിയും നബാർഡ് സഹായത്തോടെ ആർ.ഐ.ഡി.എഫ്. പദ്ധതികൾ ഏറ്റെടുക്കാറുണ്ട്.

II. പ്രമേയം

ഇൻഡ്യൻ എയർലൈൻസ് വികസനം തട്ടിയെടുത്ത് യാത്രക്കാരെയും ജീവനക്കാരെയും ബന്ദികളാക്കിയ സംഭവം

മി. സ്പീക്കർ : ഓർഡർ, ഓർഡർ.

[9.30 AM] "ഇൻഡ്യൻ എയർലൈൻസിന്റെ ഒരു വിമാനം തട്ടിക്കൊണ്ടു പോയി നിരപരാധികളായ വിമാനയാത്രക്കാരുടെ ജീവൻകൊണ്ടു പന്താടുന്ന ഭീകര വിമാനറാഞ്ചികളുടെ അത്യന്തം ഹീനവും അപരിഷ്കൃതവും മാനുഷികമൂല്യങ്ങളെപ്പോലും കാറ്റിൽ പറത്തുന്നതുമായ നടപടിയെ ഈ സഭ ശക്തിയായി അപലപിക്കുന്നു. നാലു ദിവസക്കാലമായിട്ടും ഭീകരരുടെ തടവിൽനിന്ന് അവരെ മോചിപ്പിക്കാൻ കഴിയാത്ത അത്യന്തം ഗുരുതരമായ സ്ഥിതിവിശേഷത്തിൽ സഭയ്ക്കുള്ള ശക്തിയായ അമർഷവും പ്രതിഷേധവും ഉത്കണ്ഠയും രേഖപ്പെടുത്തുന്നു. ഏത് മാർഗ്ഗം ഉപയോഗിച്ചും നിപരാധികളായ വിമാനയാത്രക്കാരുടേയും ജീവനക്കാരുടേയും മോചനം ഉറപ്പുവരുത്തുവാൻ ഇനി ഒരു നിമിഷംപോലും അമാന്തിച്ചുകൂടായെന്ന് ഈ സഭ കേന്ദ്ര ഭരണകൂടത്തെ ഓർമ്മപ്പെടുത്തുന്നു." എന്ന പ്രമേയം അവതരിപ്പിക്കുന്നു.

പ്രമേയം സഭ ഐകകണ്ഠ്യേന അംഗീകരിച്ചു

പ്രതിപക്ഷനേതാവ് (ശ്രീ. എ.കെ. ആന്റണി) : സർ, ഇപ്പോൾ പാസ്സാക്കിയ ഈ പ്രമേയം അടിയന്തിരമായി ഇപ്പോൾത്തന്നെ ഫാക്സ് സന്ദേശം വഴി പ്രധാനമന്ത്രിക്ക് അയച്ചുകൊടുക്കണം.

LIBRARY ARCHIVES Kerala Legislative Assembly